**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - "ഹരിതം ഹരിപ്പാട്" സെമിനാർ - ഹരിപ്പാട് നിയോജക മണ്ഡലത്തിലെ എല്ലാ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, ഹരിപ്പാട് നഗരസഭയിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.3338/2016/തസ്വഭവ                    തിരുവനന്തപുരം, തീയതി, 07.12.2016

---

പരാമർശം:- 1. ബഹു. പ്രതിപക്ഷ നേതാവ് ശ്രീ. രമേഷ് ചെന്നിത്തലയുടെ 16/11/2016 ലെ 1247/LOP/2016 നമ്പർ കത്ത്.

2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

ത്രിതല പഞ്ചായത്തുകളുടെയും കൃഷി വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ഹരിപ്പാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന "ഹരിതം ഹരിപ്പാട്" എന്ന കാർഷിക വികസന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 2016 നവംബർ 26-ാം തീയതി ഹരിപ്പാട് വച്ച് സംഘടിപ്പിച്ച സെമിനാറിന്റെ സംഘാടനത്തിനായി ഹരിപ്പാട് നിയോജകമണ്ഡലത്തിലെ എല്ലാ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, ഹരിപ്പാട് നഗരസഭയിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2016 നവംബർ 26-ാം തീയതി ഹരിപ്പാട് വച്ച് സംഘടിപ്പിച്ച "ഹരിതം ഹരിപ്പാട്" സെമിനാറിന്റെ സംഘാടനത്തിനായി ഹരിപ്പാട് നിയോജക മണ്ഡലത്തിലെ എല്ലാ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും, ഹരിപ്പാട് നഗരസഭയിൽ നിന്നും പരമാവധി 10,000/- (പതിനായിരം രൂപ) രൂപ അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശ (2)ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് "ഹരിതം ഹരിപ്പാട്" സംഘാടക സമിതി കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനായി)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് ബന്ധപ്പെട്ട നഗരസഭയ്ക്ക് ലഭ്യമാക്കുന്നതിനായി)
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം (പകർപ്പ് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ